**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 930 — 10.02.2016 -ലെ മറുപടിക്ക്.

## ക്ഷേമനിധി പെൻഷൻ കുടിശ്ശിക

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഇ. ചന്ദ്രശേഖരൻ :** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ക്ഷേമ -നിധി പെൻഷനുകളിൽ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് പറയാമോ; | (എ) കാസർഗോഡ് ജില്ലയിൽ തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന അസംഘടിത തൊഴിലാളി പെൻഷൻ 2015 ഏപ്രിൽ മുതൽ കുടിശ്ശികയുണ്ട്. മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ 2015 ഓഗസ്റ്റ് മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതുവരെ ഏതുമാസം വരെയുള്ള പെൻഷനുകൾ നൽകിയിട്ടുണ്ടെന്ന് പറയാമോ; | (ബി) 2015 മാർച്ച് മാസം വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 2015 ജൂലൈ വരെ മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പെൻഷനുകൾ വിതരണം വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ? | (സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബോർഡുകൾക്ക് സർക്കാർ ഫണ്ടിൽ നിന്നുമാണ് പെൻഷൻ തുക അനുവദിക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കാസർഗോഡ് ജില്ലയിൽ ക്ഷേമനിധി ബോർഡുകൾ വഴി വിതരണം നടത്തുന്ന പെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം | ബോർഡിന്റെ പേര് | ഉത്തരം (എ) | ഉത്തരം (ബി) |
|---|---|---|---|
| 1 | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | കുടിശ്ശികയില്ല (പെൻഷൻ ക്വാർട്ടർലിയായി വിതരണം നടത്തുന്നു) | 2015 ഡിസംബർ വരെ |
| 2 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015 ഓഗസ്റ്റ് വരെ | 2015 ജൂലൈ വരെ |
| 3 | കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | കുടിശ്ശിക ഇല്ല. | 2015 ഡിസംബർ |
| 4 | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കുടിശ്ശിക ഇല്ല | 2016 ജനുവരി |
| 5 | കേരള ഈറ്റ തഴ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ കൈപ്പറ്റുന്ന തൊഴിലാളികൾ ഇല്ല | 2015 ജൂലൈ വരെ |
| 6 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കുടിശ്ശിക ഇല്ല (പെൻഷൻ ക്വാർട്ടർലിയായി വിതരണം നടത്തുന്നു) | 2015 ഡിസംബർ വരെ |
| 7 | കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കുടിശ്ശിക ഇല്ല (പെൻഷൻ ക്വാർട്ടർലിയായി വിതരണം നടത്തുന്നു) | 2015 ഡിസംബർ വരെ |
| 8 | കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | 08/2015 മുതൽ കുടിശ്ശിക ഉണ്ട് | 2015 ജൂലൈ വരെ |
| 9 | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കുടിശ്ശിക ഇല്ല (പെൻഷൻ ക്വാർട്ടർലിയായി വിതരണം നടത്തുന്നു) | 2015 ഡിസംബർ വരെ |
| 10 | ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി | 08/2015 മുതൽ കുടിശ്ശിക ഉണ്ട് | 2015 ജൂലൈ വരെ |
| 11 | അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി | 08/2015 മുതൽ കുടിശ്ശിക ഉണ്ട് | 2015 ജൂലൈ വരെ |

| | | | |
|---|---|---|---|
| 12 | ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015 നവംബർ മുതൽ കുടിശ്ശിക ഉണ്ട് | 2015 ഒക്ടോബർ വരെ |
| 13 | ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016 ജനുവരി വരെയുള്ള പെൻഷൻ കുടിശ്ശിക ഉണ്ട് (സ്കാറ്ററ്റേർഡ് വിഭാഗത്തിന്) | 2014 ജൂലൈ വരെ |
| 14 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ വിതരണം ആരംഭിച്ചിട്ടില്ല | |
| 15 | ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ വിതരണം ആരംഭിച്ചിട്ടില്ല | |
| 16 | കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | പെൻഷൻ വിതരണം ആരംഭിച്ചിട്ടില്ല | |

ഉത്തരം (സി) കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൈത്തറിതൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതി എന്നിവയിൽ ഉൾപ്പെടുന്ന പെൻഷൻകാർക്ക് സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകുന്നത്.

സെക്ഷൻ ഓഫീസർ